**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5689** **24-03-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാനതലത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് വകുപ്പിലെ ഒഴിവുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നതിന് പ്രമോഷൻ നടപടികൾ വൈകുന്നതിനുള്ള കാരണം സീനിയോറിറ്റി തർക്കം സംബന്ധിച്ച കോടതിയിലെ കേസുകൾ ആണെന്നതിനാൽ ഇത് ശാശ്വതമായി പരിഹരിക്കാൻ സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാന തലത്തിലാക്കി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | ജില്ലാനിയമനം ലഭിച്ച് സ്വന്തം ജില്ലയിൽ ജോലിചെയ്യാൻ സാധിക്കാത്ത സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും എണ്ണം എത്രയെന്നും അവർ എത്ര വർഷമായി ജില്ലവിട്ട് ജോലിചെയ്യുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ഉദ്യോഗാർത്ഥികൾ അവർക്ക് സൗകര്യപ്രദമായതും തൊഴിൽ സാധ്യതയുള്ളതുമായ ജില്ലകളിലേയ്ക്ക് നിയമനം ലഭിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിയ്ക്കുകയും, നിയമനം ലഭിയ്ക്കുന്നവർ പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുകയും ചെയ്യുന്നു. ജില്ലാനിയമനം ലഭിച്ച് സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ സാധിക്കാത്ത സിവിൽ എക്സൈസ് ഓഫീസർമാരുടേയും പ്രിവന്റീവ് ഓഫീസർമാരുടേയും എണ്ണം കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും അത്തരത്തിൽ 205 ജീവനക്കാർ എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലും എക്സൈസ് അക്കാദമിയിലും മറ്റ് ഡിവിഷനുകളിലുമായി സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്ത് വരുന്നു. |
| (സി) | സ്വന്തം ജില്ല വിട്ട് ജോലി ചെയ്യുന്ന പ്രിവന്റീവ് ഓഫീസർമാരുടേയും സിവിൽ എക്സൈസ് ഓഫീസർമാരുടേയും പ്രശ്നം പരിഹരിക്കാൻ സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാന തലത്തിലാക്കി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ